പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ **2065** **05-05-2017** ൽ മറുപടിക്ക്

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനുള്ള പുതിയപദ്ധതികൾ

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ : | | മറുപടി<br>ശ്രീ എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി. |
|---|---|---|---|
| (എ) | ഈ സർക്കാർ പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമത്തിനായുള്ള എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കുമോ | (എ) | പട്ടികജാതി വികസന വകുപ്പ്<br>വാത്സല്യനിധി പദ്ധതി, പഠനമുറി പദ്ധതി, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വർക്കിംഗ് വിമൺസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി, പെൺകുട്ടികൾക്കും ആൺകുട്ടികൾക്കു മായി 6 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, എം.ആർ.എസുകൾ എന്നിവ നിർമ്മി ക്കുന്നതിനുള്ള പദ്ധതി എന്നിവയാണ് പട്ടികജാതി ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാ ക്കുന്ന പുതിയ പദ്ധതികൾ.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ്<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടിക വർഗ്ഗ ക്ഷേമത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികളുടെ വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഹാംലെറ്റ് പദ്ധതിക്കും സ്വയം പര്യാപ്ത ഗ്രാമം പദ്ധതിക്കും പകരമായി കൊണ്ടു വന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പ്<br>നാല്പതോ, അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിച്ചുവരുന്ന സങ്കേത ങ്ങളെ തെരഞ്ഞെടുത്ത് പരമാവധി ഒരുകോടി രൂപയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമവിക സനപദ്ധതിയാണ് സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയ്ക്ക് പകരമായി കൊണ്ടു വന്നിട്ടുള്ളത്. . |

| | | | |
|---|---|---|---|
| | | | <u>പട്ടികവർഗ്ഗ വികസന വകുപ്പ്</u><br><br>ഹാംലെറ്റ് പദ്ധതിക്കുപകരമായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 100.00 കോടി രൂപ വകയിരിത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, തൊഴിൽ വേതനം ലഭ്യമാക്കുക, മെച്ചപ്പെട്ട ആരോഗ്യപ്രവർത്തനങ്ങൾക്കാവശ്യമായ പോഷകാഹാരം നൽകൽ (വനിതകൾക്കും കുട്ടികൾക്കും) ഭവന നിർമ്മാണം, കുടിവെള്ളം, ശുചിത്വപരിപാടിയിൽ ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ പുനരധിവാസവും, അടി സ്ഥാന സൗകര്യ വികസനവും ഉൾപ്പെട്ടു ത്തിയിരിക്കുന്നു. വിശദവിവരം അനു ബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | ഏറനാട് മണ്ഡലത്തിൽ നിന്നും ഏതെല്ലാം പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളെയാണ് പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (സി) | <u>പട്ടികജാതി വികസന വകുപ്പ്</u><br>ഏറനാട് മണ്ഡലത്തിൽ നിന്നും വെള്ളാമ്പുറം പട്ടികജാതി കോളനി. തൈയ്യുന്ന് പട്ടികജാതി കോളനി, എന്നിവയെയാണ് പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br><u>പട്ടികവർഗ്ഗ വികസന വകുപ്പ്</u><br>ഏറനാട് മണ്ഡലത്തിൽ നിന്നും ഒരു കോളനിയേയും ടി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | ഇവയ്ക്ക് ഓരോന്നിനും അനുവദിച്ച തുക, ഭരണാനുമതി ഉത്തവിന്റെ പകർപ്പ് അടക്കമുള്ള വിശദാംശം ലഭ്യമാക്കുമോ;? | (ഡി) | <u>പട്ടികജാതി വികസന വകുപ്പ്</u><br>ഇവയ്ക്ക് ഓരോന്നിനും ഒന്നാം ഗഡുവായി 50% തുക അതായത് 50.00 ലക്ഷം രൂപ വീതം നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. ഭരണാനുമതി ഉത്തര വിന്റെ പകർപ്പ് അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

സാമൂഹിക പഠനമുറി

ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസം തോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിക്കുന്നതാണ്. ഹാംലെറ്റിനെ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിലോ സമാന ഇടങ്ങളിലോ പ്രസ്തുത സെന്റർ പ്രവർത്തിക്കും ആവശ്യം വേണ്ടിടത്ത് സ്ഥിരം സൗകര്യം നൽകാനും ഉദ്ദേശിക്കുന്നു. ഓരോ വർഷവും ട്യൂട്ടറിന്റെ ഓണറേറിയം ഉൾപ്പെടെ അധിക സൗകര്യങ്ങളായ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായനാ സാമഗ്രികൾ തുടങ്ങിയവയ്ക്കുള്ള ചെലവുകൾ 5 ലക്ഷം രൂപയ്ക്കുള്ളിൽ നിജപ്പെടുത്തിക്കൊണ്ട് തുക അനുവദിക്കുന്നതാണ്. സ്ഥലത്തിന്റെ സ്ഥിതി അനുസരിച്ച് പുതിയ സെന്ററുകളുടെ നിർമ്മാണത്തിന്റെ ചെലവുകളിൽ മാറ്റം വരും. കുട്ടികൾക്കുള്ള ലഘു ഭക്ഷണത്തിനുള്ള തുക കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിംഗ നിർണ്ണയ സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ 50 ശതമാനം തുക വനിതകൾക്ക് ലഭിക്കുന്നതായി കണക്കാക്കാന്നു. മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് ഡയറ്റിനെ ഏൽപ്പിച്ചിട്ടുണ്ട്.

ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുള്ള പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റ്റി.റ്റി.സി/ബി.എഡ് യോഗ്യതയുള്ള പ്രദേശത്തെ ഒരു യുവ വിദ്യാസമ്പന്നനെ (ആണോ/പെണ്ണോ) ആദിവാസി ഭാഷയുടെയും മലയാള ഭാഷയുടെയും അറിവിന്റെ അടിസ്ഥാത്തിൽ തെരഞ്ഞെടുത്ത് വേണ്ട പരിശീലനം നൽകി മാസം 15000 രൂപ ഓണറേറിയം നിരക്കിൽ പ്രൈമറി സ്കൂളിൽ ടീച്ചറോ വിദ്യാഭ്യാസ ഉപദേശകനായോ പ്രവർത്തിപ്പിക്കാൻ ഈ പദ്ധതി വഴി ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസം നൽകുന്നതിനോടൊപ്പം ഗോത്ര വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ പരിഹരിക്കുകയും കൊ ഴിഞ്ഞ് പോക്ക് കുറയ്ക്കുകയും 100 ശതമാനം ആദിവാസി കുട്ടികളുടെ സ്കൂൾ പ്രവേശനം ഉറപ്പാക്കുകയും കുട്ടികൾക്കു വേണ്ട പരിശീലനം നൽകി ഒരു സോഷ്യൽ വർക്കറായും ഉപദേശകനായും ഇവർ പ്രവർത്തിക്കേണ്ടതാണ്. കൂടാതെ വിദ്യാർത്ഥികളെ പരിചരിച്ചുകൊണ്ട് സമൂഹത്തിന്റെയും സ്കൂളിന്റെയും ഇടയിൽ പ്രവർത്തിക്കുന്നവരുമായിരിക്കണം.

മെന്റർ ടീച്ചർമാരെ തെരഞ്ഞെടുക്കുന്നതിനായി വിജ്ഞാപനം നടത്തിയിട്ടുണ്ട്. ടീച്ചർമാരെ അടുത്ത അദ്ധ്യയനവർഷം നിയോഗിക്കുന്നതാണ്.

പ്രീമെട്രിക് ഹോസ്റ്റലിലെ അന്തേവാസികളുടെ പഠന സഹായത്തിനായി 20 കുട്ടികൾക്ക് 1 പാർട്ട് ടൈം ട്യൂട്ടർമാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ 04/10/2016 ലെ ഡി3-17072/16 നം. പ്രകാരം സമർപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റൽ, എം.ആർ.എസ്സുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനു ഒരു വിദഗ്ദ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി വിദഗ്ദ സമിതി നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള സൗകര്യങ്ങൾ നിലവിലില്ലാത്ത ഹോസ്റ്റലുകൾ, എം.ആർ.എസ്സുകൾ ടി നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി. (പുതുക്കിയ എറ്റിഎസ്പി ഫണ്ട്/ പ്രത്യേക പാക്കേജ്)

1. <u>അടിസ്ഥാന സൗകര്യങ്ങൾ</u>

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും, കുട്ടികൾക്കുമുള്ള അടിസ്ഥാന ആവശ്യങ്ങൾ എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം,ശുചിത്വ പരിപാടികൾ ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവും, അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2. <u>എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം.</u>

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം തൊഴിൽ രഹിതരായ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ വേതനം ലഭ്യമാക്കുന്നതോടൊപ്പം ആവശ്യമെങ്കിൽ 100 തൊഴിൽദിനത്തിന് ഉപരിയായി അധിക തൊഴിൽ ഈ പദ്ധതി പ്രകാരം നൽകുന്നതാണ്. ഇതിന് ആവശ്യമുള്ള തുക ഗ്രാമവികസന കമ്മീഷണറേറ്റിന് കൈമാറേണ്ടതാണ്.

3. <u>ആരോഗ്യം</u>

മെച്ചപ്പെട്ട ആരോഗ്യപ്രവർത്തനങ്ങൾ, പോഷകാഹാരം നൽകൽ കൂടാതെ ആവശ്യമെങ്കിൽ വനിതകൾക്കും കുട്ടികൾക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പിലാക്കുന്നതാണ്.

വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളായ ഭവന നിർമ്മാണം, തൊഴിൽദാനം (എം.എൻ.ആർ.ഇ.ജി.എസ്) ആരോഗ്യം, വിദ്യാഭ്യാസം, കുടുംബശ്രീ പദ്ധതികൾ, ഐ.സി.ഡി.എസ്, എൻ. എസ്.എ.പി (പെൻഷൻ സ്കീമുകൾ) തുടങ്ങിയ പദ്ധതികൾ സംയോജിപ്പിച്ച് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ എടുക്കേണ്ടതാണ്.

4. <u>2013-14 മുതൽ വകുപ്പ് നടപ്പിലാക്കിയിരുന്ന ഹാംലെറ്റ് ഡെവലപ്മെന്റ് സ്കീമിന്റെ സ്പിൽഓവർ പണികൾക്കുള്ള തുക ഈ പദ്ധതിയിൽ നിന്ന് ചെലവാക്കുന്നതാണ്.</u>

5. <u>പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി</u>

ചിന്നിച്ചിതറി താമസിക്കുന്ന ഗോത്ര വിഭാഗങ്ങളുടെ വികസനത്തിനായി പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഓരോ സെറ്റിൽമെന്റിനും പദ്ധതി തയ്യാറാക്കുന്നത് ഊരുകൂട്ടങ്ങളുടെ പങ്കാളിത്ത ഗ്രാമീണ വിലയിരുത്തലിന്റെ സഹായത്തോടെ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പങ്കാളിത്ത ഗ്രാമീണ വിലയിരുത്തലിനായി വിവിധ വകുപ്പുകളുമായി വിശദമായ ചർച്ചകളും വിഭവങ്ങൾ രേഖപ്പെടുത്തി നിർവ്വഹണത്തിന് അനുയോജ്യമായ രൂപരേഖ അന്തിമമാക്കുക എന്നത് അനിവാര്യമാണ്. ഓരോ മൈക്രോപ്ലാനും അതാത് ജില്ലാകളക്ടറുടെ അംഗീകാരം നേടുന്നതാണ്.

ഗ്രാമവികസനം, സാമൂഹ്യനീതി, വനം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വികസന വകുപ്പുകളും കുടുംബശ്രീ മിഷൻ എം.എൻ.ആർ.ഇ.ജി.എസ്,പഞ്ചായത്തുകളും, പ്രാദേ ശിക, ജില്ലാ, സംസ്ഥാന തലത്തിൽ ഏകോപനം ഉറപ്പാക്കുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെയും ആസൂത്രണബോർഡ്

വൈസ് ചെയർമാന്റേയും നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു ഉന്നതതല കമ്മിറ്റിയാണ് സംസ്ഥാന തലത്തിൽ ഈ പരിപാടി മോണിറ്റർ ചെയ്യുന്നത്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തി യഥാസമയം പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ ലിംഗ നിർണ്ണയ സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 75 ശതമാനത്തോളം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കരുതുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതിക്കായുള്ള കരട് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കരട് മാർഗ്ഗരേഖ സർക്കാർ പരിഗണനയിലാണ്.

2016-17 സാമ്പത്തിക വർഷത്തിൽ അർഹരായ ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂരഹിതരായ 174 ഗുണഭോക്താക്കൾക്ക് 81.983 ഏക്കർ ഭൂമി വാങ്ങിയ ഇനത്തിൽ 1493.71 ലക്ഷം രൂപ അനുവദിച്ചു നൽകി.

## ഗോത്രവാത്സല്യനിധി

പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് ഗോത്ര വാത്സല്യനിധി എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. പദ്ധതി രേഖ തയ്യാറാക്കി 2017-ജൂണിൽ നിർവ്വഹണം ആരംഭിക്കുന്നതാണ്.

## വയനാട് ഗോത്രഭാഷാ പഠനകേന്ദ്രം

(വിഹിതം : 10.00 ലക്ഷം രൂപ)

വിവരണാത്മക രീതിയിലും അപഗ്രഥനാപരമായ പ്രവർത്തന സമ്പ്രദായത്തിലൂടെയും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശ്രേഷ്ഠമായ സാംസ്കാരിക പൈതൃകത്തെ ഡോക്യുമെന്റ് ചെയ്യുക (ഭാഷയും,കലാരൂപങ്ങളും വായ്മൊഴിയായ സാഹിത്യത്തെയും). പ്രാഥമിക ദ്വിതീയ തലത്തിലുള്ള ഔദ്യോഗിക രേഖകൾ,സർവ്വെ,വ്യക്തിഗത അഭിമുഖം, ഫീൽഡ് വർക്ക് എന്നിവയുടെ സഹായത്തോടെ ശേഖരിച്ച് സമാഹരിക്കും.

1) ആരോഗ്യ വിദ്യാഭ്യാസ പരിപാടി യുംതെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കലും

2017-18 സാമ്പത്തികവർഷം സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി അനാരോഗ്യപരമായിട്ടുള്ള മദ്യപാനം, പുകവലി, പുകയില ഉല്പന്നങ്ങളായ പാൻ, പാൻപരാഗ് എന്നിവ യുടെ ഉപയോഗം പട്ടികവർഗ സമൂഹത്തിൽ കൂടുതൽ നിലനിൽക്കുന്നു.

ആരോഗ്യവകുപ്പും എക്സൈസ് വകുപ്പുമായി ചേർന്ന് ധാരാളം പ്രചരണങ്ങളും മെഡിക്കൽ ക്യാമ്പും കൂടാതെ മുതിർന്നവർക്കായി പ്രത്യേക ആരോഗ്യ വിദ്യാഭ്യാസക്ലാസ്സുകളും നടത്താൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിൽ നിന്നും ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾക്കും ഇതുമായി ബന്ധപ്പെട്ട പ്രത്യേക കൗൺസിലിംഗിനും പ്രാധാന്യം നൽകുകയും കൂടാതെ ദീർഘ കാലമായിട്ട് മദ്യപാനത്തിന് അടിമപ്പെട്ട് ലഹരി വിമോചന കേന്ദ്രങ്ങളിൽ നടത്തുന്നവരുടെ ആശുപത്രിചെലവും കണ്ടെത്താവുന്നതാണ്. നിലവിലുള്ള പൊതുജനാ

രോഗ്യ കേന്ദ്രങ്ങൾക്ക് സമീപം ലഹരി വിമോചന കേന്ദ്രങ്ങൾ തുടങ്ങുന്നതിനും ലക്ഷ്യമിടുന്നു. 2017-18 സാമ്പത്തികവർഷം ഇതു മായി ബന്ധപ്പെട്ട് വയനാട് മൂന്ന് കേന്ദ്ര ങ്ങളും ഇടുക്കിയിൽ 2 കേന്ദ്രങ്ങളും മലപ്പുറം . അട്ടപ്പാടി, തിരുവനന്തപുരം എന്നിവിടങ്ങ ളിൽ ഓരോകേന്ദ്രവും തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

2) <u>പോഷാകാഹാരക്കുറവ്, ശിശു മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷ കാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ</u>

ഗുരുതര പോഷകാഹാരക്കുറവുള്ള പട്ടികവർഗ മേഖലകളിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉപയോഗിച്ച് പോഷകാഹാര പുന രധിവാസ പ്രചരണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടന്ന പ്രവർത്ത നങ്ങൾ ,

- പരിശോധന
- പോഷകാഹാര കൗൺസിലിംഗ്
- പോഷകാഹാര പൂരകം നൽകൽ .
- പോഷാകാഹാര ബോധവൽക്കരണ പ്രചരണ പരിപാടി
- ശുചിത്വ ബോധവത്ക്കരണം
- പ്രസവത്തിന് മുമ്പും പിമ്പുമുള്ള പരിശോധന
- റഫറൽ സേവനം

സെക്ഷൻ ഓഫീസർ

## അനുബന്ധം -2

**അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി. (പുതുക്കിയ എറ്റിഎസ്പി ഫണ്ട്/ പ്രത്യേക പാക്കേജ്)**

(വിഹിതം : 10000.00 ലക്ഷം രൂപ)

**3. <u>അടിസ്ഥാന സൗകര്യങ്ങൾ</u>**

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും, കുട്ടികൾക്കുമുള്ള അടിസ്ഥാന ആവശ്യങ്ങൾ എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം,ശുചിത്വ പരിപാടികൾ ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവും, അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**4. <u>എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം.</u>**

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം തൊഴിൽ രഹിതരായ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ വേതനം ലഭ്യമാക്കുന്നതോടൊപ്പം ആവശ്യമെങ്കിൽ 100 തൊഴിൽദിനത്തിന് ഉപരിയായി അധിക തൊഴിൽ ഈ പദ്ധതി പ്രകാരം നൽകുന്നതാണ്. ഇതിന് ആവശ്യമുള്ള തുക ഗ്രാമവികസന കമ്മീഷണറേറ്റിന് കൈമാറേണ്ടതാണ്.

**3. <u>ആരോഗ്യം</u>**

മെച്ചപ്പെട്ട ആരോഗ്യപ്രവർത്തനങ്ങൾ, പോഷകാഹാരം നൽകൽ കൂടാതെ ആവശ്യമെങ്കിൽ വനിതകൾക്കും കുട്ടികൾക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പിലാക്കുന്നതാണ്.

വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളായ ഭവന നിർമ്മാണം, തൊഴിൽദാനം (എം.എൻ.ആർ.ഇ.ജി.എസ്) ആരോഗ്യം, വിദ്യാഭ്യാസം, കുടുംബശ്രീ പദ്ധതികൾ, ഐ.സി.ഡി.എസ്, എൻ. എസ്.എ.പി (പെൻഷൻ സ്കീമുകൾ) തുടങ്ങിയ പദ്ധതികൾ സംയോജിപ്പിച്ച് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ എടുക്കേണ്ടതാണ്.

**<u>4. 2013-14 മുതൽ വകുപ്പ് നടപ്പിലാക്കിയിരുന്ന ഹാംലെറ്റ് ഡെവലപ്മെന്റ് സ്കീമിന്റെ സ്പിൽഓവർ പണികൾക്കുള്ള തുക ഈ പദ്ധതിയിൽ നിന്ന് ചെലവാക്കുന്നതാണ്.</u>**

**<u>5. പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി</u>**

ചിന്നിച്ചിതറി താമസിക്കുന്ന ഗോത്ര വിഭാഗങ്ങളുടെ വികസനത്തിനായി പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഓരോ സെറ്റിൽമെന്റിനും പദ്ധതി തയ്യാറാക്കുന്നത് ഊരുകൂട്ടങ്ങളുടെ പങ്കാളിത്ത ഗ്രാമീണ വിലയിരുത്തലിന്റെ സഹായത്തോടെ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പങ്കാളിത്ത ഗ്രാമീണ വിലയിരുത്തലിനായി വിവിധ വകുപ്പുകളുമായി വിശദമായ ചർച്ചകളും വിഭവങ്ങൾ രേഖപ്പെടുത്തി നിർവ്വഹണത്തിന് അനുയോജ്യമായ രൂപരേഖ അന്തിമമാക്കുക എന്നത് അനിവാര്യമാണ്. ഓരോ മൈക്രോപ്ലാനും അതാത് ജില്ലാകളക്ടറുടെ അംഗീകാരം നേടേണ്ടതാണ്.

ഗ്രാമവികസനം. സാമൂഹ്യനീതി. വനം. ആരോഗ്യം. വിദ്യാഭ്യാസം എന്നീ വികസന വകുപ്പുകളും കുടുംബശ്രീ മിഷൻ എം എൻ.ആർ ഇ ജി എസ്.പഞ്ചായത്തുകളും. പ്രാദേശിക. ജില്ലാ. സംസ്ഥാന തലത്തിൽ ഏകോപനം ഉറപ്പാക്കുന്നതാണ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെയും ആസൂത്രണബോർഡ് വൈസ് ചെയർമാന്റേയും നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു ഉന്നതതല കമ്മിറ്റിയാണ് സംസ്ഥാന തലത്തിൽ ഈ പരിപാടി മോണിറ്റർ ചെയ്യുന്നത്. ജില്ലാ തലത്തിൽ ജില്ലാകളക്ടർ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തി യഥാസമയം പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് ഗുണഭോക്താക്കളുടെ ലിംഗ നിർണ്ണയ സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 75 ശതമാനത്തോളം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കരുതുന്നു

സെക്ഷൻ ഓഫീസർ

അനുബന്ധം - 3

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

## നിലവിൽ ശ്രീ. പി.എം. അലി അസ്ഗർ പാഷ IAS

വിഷയം :- പട്ടികജാതി വികസനം - അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി കോളനികളുടെ സമഗ്ര വികസനം നടപ്പാക്കൽ - അംബേദ്കർ ഗ്രാമവികസന പരിപാടി 2016-17 - ഭരണാനുമതി നൽകി - ഒന്നാംഗഡു അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1. 15/03/13 - ലെ ജി..ഒ (എം.എസ്) നമ്പർ 23/13/പജ പവ വിവ നമ്പർ സർക്കാർ ഉത്തരവ്.

2. 17/12/13 - ലെ ജി..ഒ (എം.എസ്) നമ്പർ 102/13/പജ പവ വിവ നമ്പർ സർക്കാർ ഉത്തരവ്.
3. സ.ഉ. (കൈ) 26/13/പജ പവ വിവ തീയതി 23-03-13.
4. സ.ഉ. (സാധാ) 2067/15/പജ പവ വിവ തീയതി 14-12-15.
5. സ.ഉ. (കൈ) 15/17/പജ പവ വിവ തീയതി 8-03-17.
6. വിവിധ തീയതികളിൽ ജില്ലാ നിർമ്മിതിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റുകൾ.

---

**ഉത്തരവ് നമ്പർ ഡെവ.ഡി1- 23705/16 (2)** **തീയതി: 29/03/2017.**

---

പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമവികസന പരിപാടി 2016-17 വർഷത്തിൽ നടപ്പാക്കുന്നതിന് അനുമതി നൽകി സൂചന (5) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ ഭാഗമായി 2008-ൽ കില നടത്തിയ സർവ്വെ പ്രകാരം നാൽപതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന പട്ടികജാതി കോളനികൾ, ഒരു നിയോജക മണ്ഡലത്തിൽ നിന്നും 2 എന്ന നിലയിൽ എം.എൽ.എ. നിർദ്ദേശിച്ചിരുന്ന പട്ടികജാതി കോളനികളിൽ അംബേദ്കർ ഗ്രാമവികസന പരിപാടി നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ കോളനിയിലും പരമാവധി ഒരു കോടി രൂപയുടെ വികസന പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കായി ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് നിർവ്വഹണ ഏജൻസിയായി സൂചന (5) പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. താഴെ പറയുന്ന പ്രവൃത്തികൾ ഓരോ കോളനിയിലും നടപ്പാക്കാവുന്നതാണ്.

1. ഇന്റേണൽ റോഡ്/ഫൂട്പാത്
2. ആശയ വിനിമയ സൗകര്യം
3. കുടിവെള്ള പദ്ധതി
4. ഡ്രെയിനേജ് സൗകര്യം
5. വൈദ്യുതീകരണം /വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവു വിളക്ക്
7. സാനിട്ടേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ കളി സ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ ഫെസിലിറ്റീസ്
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതി, ഡയറിംഗ് ആനിമൽ ഹസ്ബൻഡ്രി, ഹോർട്ടികൾച്ചർ, സെറികൾച്ചർ, വീവിംഗ് ഹാൻഡി ക്രാഫ് റ്റ്സ്, മുതലായവ വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി

സൂചന (5) ഉത്തരവ് പ്രകാരം 2016-17 വർഷത്തിൽ 280 കോളനികളുടെ സമഗ്ര വികസനത്തിനായ ഭരണാനുമതി ഉത്തരവ് ലഭിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർമ്മാണ പ്രവർത്ത ങ്ങൾക്കായി ആദ്യ ഗഡുവായി അടങ്കൽ തുകയുടെ 50% സർക്കാർ അനുമതിക്ക് വിധേയമായി അനുവദിച്ച് നൽകു തിനും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. മേൽതുകയുടെ 75% ചെലവു ചെയ്ത ബില്ലും അനുബ

രേഖകളും ഹാജരാക്കുന്ന മുറക്ക് 30% ഉം പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ബിൽ, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്ന മുറക്ക് ബാക്കി 20% തുകയും അനുവദിച്ചു നൽകുന്നതാണ്

അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിൽ ഒരു കോടി രൂപയ്ക്കുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെ ചുമതലപ്പെടുത്തിയും ആയതിന്റെ 50% ഏജൻസികൾക്ക് 1-ാം ഗഡുവായി നൽകുന്നതിനും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അനുബന്ധം 1 ൽ പരാമർശിക്കുന്ന കോളനികളിൽ നടപ്പിലാക്കേണ്ട വിവിധ വികസന പ്രവർത്തികൾ ഓരോ കോളനിയിലും പരമാവധി ഒരു കോടി രൂപയ്ക്കുള്ളിൽ പരിമിതപ്പെടുത്തി താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

1) 2014-ലെ PWD Schedule of Rate പ്രകാരം ഏജൻസി തയ്യാറാക്കിയിട്ടുള്ളതും Memmorandum of Understanding-ലെ അനുബന്ധത്തിൽ ചേർത്തിട്ടുള്ളതുമായ ഡീറ്റയിൽഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ മാത്രമേ നടപ്പിലാക്കാവൂ.

2) ഓരോ കോളനിയിലെയും മൊത്തം പ്രവർത്തിയുടെ തുക ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തേണ്ടതും നിയമാനുസൃതമുള്ള പ്രാദേശിക നികുതികളും ഏജൻസിക്കുള്ള മറ്റ് അനുബന്ധ ചെലവുകളും അടങ്കൽ തുകയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

3) സൂപ്പർവിഷൻ ചാർജ്ജ്, സർവ്വീസ് ചാർജ്ജ് തുടങ്ങി ഏജൻസിക്ക് അനുവദനീയമായ തുക PWD മാനദണ്ഡങ്ങൾക്കനുസരിച്ച്, നിലവിലെ സർക്കാർ ഉത്തരവിനു വിധേയമായി മാത്രമേ ഈടാക്കാൻ പാടുള്ളൂ.

4) എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയിൽ ഏതെങ്കിലും പ്രവൃത്തിക്ക് സാങ്കേതിക അനുമതി വേണ്ടുന്ന പക്ഷം ആയത് നിർവ്വഹണ ഏജൻസി വാങ്ങേണ്ടതാണ്.

5) PWD നടപടി പ്രകാരമുള്ള ടെണ്ടർ നടപടികൾ വേണ്ടുന്നപക്ഷം ആയത് ക്രമപ്രകാരം സ്വീകരിക്കേണ്ടതുണ്ട്. യാതൊരു കാരണവശാലും ടെണ്ടർ എക്സസ് അനുവദിക്കുന്നതല്ല.

6) പർച്ചേഴ്സ് നടപടികളെ സംബന്ധിച്ച് നിലവിലുള്ള സ്റ്റോർ പർച്ചേഴ്സ് റൂൾ പാലിക്കേണ്ടതാണ്.

7) വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എം.എൽ.എ. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ഉൾപ്പെടെയുള്ളവരുമായി കൂടിയാലോചിച്ച് മുൻഗണന പ്രകാരം ആയിരിക്കണം.

8) കോളനിയിൽ ഏറ്റെടുത്തിട്ടുള്ള വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് MOU വിൽ അനുബന്ധമായി ചേർത്തിട്ടുള്ളതും ആയതിന് വിധേയമായി പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതുമാണ്. ടി എസ്റ്റിമേറ്റിൽ ഭേദഗതി വേണ്ടുന്നപക്ഷം ആയത് ടി മോണിറ്ററിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്ത് മിനിട്ട്സ് സഹിതമുള്ള രേഖകൾ ജില്ലാ പട്ടികജാതി വികസന ഓഫീസർ വഴി അയച്ച് ഡയറക്ടറുടെ അനുമതി വാങ്ങേണ്ടതാണ്. PWD മാനദണ്ഡമനുസരിച്ച് പദ്ധതി പൂർത്തീകരണത്തിനിടയിൽ ഒരു തവണ മാത്രമേ RE അനുവദിക്കുകയുള്ളൂ.

9) സൂചന (5) സർക്കാർ ഉത്തരവ് പ്രകാരം ഓരോ കോളനിയിലും നടപ്പിലാക്കേണ്ട സമഗ്ര വികസന പദ്ധതിയുടെ അടങ്കൽ തുകയുടെ 50% തുക നിർവ്വഹണ ഏജൻസിക്ക് ഒന്നാം ഗഡുവായി നൽകുന്നതിന് ഉത്തരവായിട്ടുള്ളതും ആയത് പ്രകാരം നിർവ്വഹണ ഏജൻസി MOU വച്ചിട്ടുള്ളതുമാകുന്നു. ഇപ്രകാരം ഒരു കോളനിക്ക് പരമാവധി 50 ലക്ഷം രൂപ വരെ ഒന്നാം ഗഡുവായി നിർവ്വഹണ

ഏജൻസിയായ ബന്ധപ്പെട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അനുബന്ധത്തിൽ ചേർത്തിട്ടുള്ള ലിസ്റ്റ് പ്രകാരം അനുവദിച്ചു നൽകുന്നതാണ്

10) ഓരോ ഗഡു തുകയും സൂചന (5) സർക്കാർ ഉത്തരവിനു വിധേയമായി നൽകുന്നതും ഇതനുസരിച്ച് സർക്കാർ മറ്റേതെങ്കിലും നിർദ്ദേശം നൽകുകയാണെങ്കിൽ അതനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതുമാണ്

11) തുക ലഭ്യമാക്കുന്ന മുറയ്ക്ക് അനുബന്ധമായി ചേർത്തിട്ടുള്ള കോളനികളിൽ നിർവ്വഹണ ഏജൻസി പ്രവൃത്തി ആരംഭിക്കേണ്ടതും, സൂചന (1) ഉത്തരവ് പ്രകാരം MOU തീയതി മുതൽ 6 മാസത്തിനകം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിയ്ക്കേണ്ടതുമാണ്. യാതൊരു കാരണവശാലും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതല്ല

12) ഓരോ കോളനിയിലെയും പ്രവൃത്തി ആരംഭിക്കുന്നത് കാലേക്കൂട്ടി ബന്ധപ്പെട്ട എം.എൽ.എ.യെ അറിയിക്കേണ്ടതാണ്.കൂടാതെ ടി കോളനികളിലെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കി ഔദ്യോഗിക പ്രഖ്യാപനം നടത്തുന്നതിനും ബന്ധപ്പെട്ട എം.എൽ.എ യെ രേഖാമൂലം അറിയിക്കേണ്ടതാണ്.

13) ഓരോ കോളനിയിലെയും പ്രവൃത്തി പൂർത്തീകരിച്ച ശേഷവും ഏജൻസിയുടെ പക്കൽ കൈപ്പറ്റിയ തുകയിൽ മിച്ചം വന്നാൽ ആയത് അടിയന്തിരമായി തിരിച്ചടയ്ക്കേണ്ടതാണ്.

14) അംബേദ്കർ ഗ്രാമവികസന പരിപാടി ഓരോ കോളനിയിലും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

15) പ്രതിമാസ പുരോഗതി റിപ്പോർട്ട് ഓരോ മാസവും 5-ാം തീയതിക്ക് മുൻപ് അതാത് പട്ടികജാതി വികസന ഓഫീസർ അവലോകനം നടത്തി ഡയറക്ടർക്ക് നൽകേണ്ടതാണ്.

16) ഏതെങ്കിലും കാരണവശാൽ നിർവ്വഹണ ഏജൻസി കോളനിയിൽ MOU വിലെ അനുബന്ധ പ്രകാരം ഏറ്റെടുത്ത പ്രവൃത്തി പൂർത്തീകരിക്കാതെ പോകുന്നപക്ഷം ആയത് നിർവ്വഹണ ഏജൻസിയുടെ റിസ്ക് & കോസ്റ്റിൽ അവസാനിപ്പിച്ച് തുടർ പൂർത്തീകരണത്തിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. ജില്ലാ നിർമ്മിതി കേന്ദ്രം തുക കൈപ്പറ്റിയശേഷം ഏതെങ്കിലും കോളനികളുടെ പ്രവൃത്തി സാങ്കേതിക കാരണങ്ങളാൽ തുടങ്ങാൻ കഴിയാതെ വരികയും ബന്ധപ്പെട്ട എം.എൽ.എ. പകരം ഏജൻസിയെ നിശ്ചയിക്കുകയും ചെയ്താൽ കൈപ്പറ്റിയ തുക തിരികെ വകുപ്പിനോ പകരം സർക്കാർ നിശ്ചയിക്കുന്ന മറ്റ് ഏജൻസിക്കൊ കൈമാറേണ്ടതാണ്.

17) അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം കോളനികളിൽ നടപ്പിലാക്കുന്ന ടോയ്‌ലറ്റ് നിർമ്മാണത്തിന്റെ യൂണിറ്റ് കോസ്റ്റ് 25,000/- രൂപയിൽ അധികരിക്കാൻ പാടില്ലാത്തതാണ്.

18) വീട് പുനരുദ്ധാരണം ഇനത്തിൽപ്പെടുത്തി കോളനിയിൽ നടത്തുന്ന മെയിന്റനൻസ് പ്രവർത്തിക്ക് വീട് ഒന്നിന് പരമാവധി ഒരു ലക്ഷം രൂപവരെ ചെലവഴിക്കാവുന്നതാണ്.

19) അംബേദ്കർ ഗ്രാമവികസന പരിപാടി പ്രകാരം തെരഞ്ഞെടുക്കുന്ന കോളനികൾ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെട്ടിട്ടില്ലായെന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ ജില്ലാ പട്ടികജാതി വികസന ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്. മറ്റെല്ലാ മാനദണ്ഡങ്ങളും സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയുടെ മാതൃകയിലായിരിക്കും.

[illegible]

[illegible] അനുബന്ധം 1 ൽ [illegible] ഉത്തരവാകുന്നു. ഇതിലേയ്ക്ക് വേണ്ടി വരുന്ന ചെലവ് [illegible] 2225-01-800-57 കോർപ്പസ് ഫണ്ട് (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. ഇതിലേക്കാവശ്യമായ തുകയായ 20,57,00,000 രൂപ ഈ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബില്ലെഴുതി മേർച്ച ചെയ്യേണ്ടതും ആയത് നിയമാനുസരണം ബന്ധപ്പെട്ട ഏജൻസികളുടെ ബാങ്ക് അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്യേണ്ടതുമാണ് അക്കൗണ്ട് വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

ഡയറക്ടർ

ജില്ലാ നിർമ്മിതി കേന്ദ്രം,

പകർപ്പ് -

1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
2. സബ് ട്രഷറി വെള്ളയമ്പലം
3. ഫിൻ എ സെക്ഷൻ - തുക അനുവദിക്കുന്നതിലേക്കായി
4. എസ്റ്റാ. സി സെക്ഷൻ - തുക മാറുന്നതിലേക്കായി
5. ജില്ലാ പട്ടികജാതി വികസന ഓഫീസർ
6. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
7. ചീഫ് പ്ലാനിംഗ് ഓഫീസർ
8. മോണിറ്ററിംഗ് സെക്ഷൻ,
9. കരുതൽ/സ്പെയർ.

RL 25.3.17

ജില്ലാ നിർമ്മിതി കേന്ദ്രം മലപ്പുറം

| ക്രമ നം. | നിയോജകമണ്ഡലം | | കോളനിയുടെ പേര് | തുക |
|---|---|---|---|---|
| 1 | ഏറനാട് | 1 | വെള്ളാമ്പുറം പട്ടികജാതി കോളനി | 50,00,000 |
| | | 2 | തൈക്കുന്നത്ത് പട്ടികജാതി കോളനി | 50,00,000 |
| 2 | നിലമ്പൂർ | 1 | ഇല്ലിക്കോട്ടു പൊയിൽ | 50,00,000 |
| 3 | വണ്ടൂർ | 1 | ഷാരിയിൽ കോളനി | 50,00,000 |
| | | 2 | വാരിയത്ത് കോളനി | 50,00,000 |
| 4 | താനൂർ | 1 | കോരങ്ങത്ത് പട്ടികജാതി കോളനി | 50,00,000 |
| | | 2 | പൂരപ്പുഴ | 50,00,000 |
| 5 | തിരൂർ | 1 | പള്ളിപ്പറമ്പ് പട്ടികജാതി കോളനി | 50,00,000 |
| | | 2 | അഴകത്തുകുളം പട്ടികജാതി കോളനി | 50,00,000 |
| 6 | കോട്ടയ്ക്കൽ | 1 | പൊറ്റേക്കളം പടി | 50,00,000 |
| | | 2 | പടിഞ്ഞാറ്റ് മുറി ലക്ഷംവീട് കോളനി | 50,00,000 |
| 7 | തവനൂർ | 1 | പുല്ലൂണി | 50,00,000 |
| | | 2 | ഏലിയത്ത് തറ | 50,00,000 |
| 8 | പൊന്നാനി | 1 | കല്ലിക്കട കോളനി | 50,00,000 |
| | | 2 | ആട്ടേക്കുന്ന് കോളനി | 50,00,000 |
| Total | | | | 75000000 |

15

സെക്ഷൻ ഓഫീസർ